**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **23-02-2022 - ൽ മറുപടിയ്ക്ക്**

**പുനരുജ്ജീവന വായ്പപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തി ആരംഭിക്കുന്ന പുനരുജ്ജീവന വായ്പ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തി ആരംഭിക്കുന്ന പുനരുജ്ജീവന വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സഹകരണ മേഖലയിൽ ആരംഭിച്ച സംരംഭങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തി ആരംഭിക്കുന്ന പുനരുജ്ജീവന വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (സി) | കാർഷിക - വ്യവസായിക - സേവന മേഖലകളിൽ പുതിയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | നടപ്പാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ PACS വഴി Agriculture Infrastructure Fund (AIF) പദ്ധതിയും കർഷക ഉല്പാദക സംഘടനകൾക്കുള്ള വായ്പാ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ചെറുകിട വ്യാവസായിക മേഖലകളിൽ MSME, Micro Food Processing വായ്പാപദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി KB സമഗ്ര എന്ന പേരിൽ ഒരു വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി സഹകരണ സംഘങ്ങൾക്ക് അവരുടെ സേവനമേഖലകളിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന പദ്ധതിയാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുന്ന പദ്ധതി നടപ്പാക്കുന്നു. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് മാതൃക കൃഷിത്തോട്ടം തയ്യാറാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ അതാതു പ്രദേശത്തെ ഗ്രാമീണ ചന്തകൾ, കാർഷിക വിപണന കേന്ദ്രങ്ങൾ, കോപ്-മാർട്ടിന്റെ സ്റ്റാളുകൾ എന്നിവ വഴി വിപണനം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ